# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 1735

14.07.2016 ൽ മറുപടിയ്ക്ക്

## ജില്ലാ സഹകരണ ബാങ്കുകളിലെ അനധികൃത നിയമനങ്ങൾ

**ചോദ്യം**

ശ്രീ.കെ.ദാസൻ

**മറുപടി**

ശ്രീ. എ.സി.മൊയ്തീൻ
(സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഓരോ ജില്ലാ സഹകരണ ബാങ്കുകൾക്കും സഹകരണ സംഘം രജിസ്ട്രാർ അംഗീകരിച്ച് നൽകിയ പാർട്ട് ടൈം സ്വീപ്പർ തസ്തികകൾ എത്രയാണ് എന്ന് വ്യക്തമാക്കാമോ;

(എ) ജില്ലാ സഹകരണ ബാങ്കുകളുടെ പാർട്ട് ടൈം സ്വീപ്പർ തസ്തികയുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| തിരുവനന്തപുരം | 80 |
| കൊല്ലം | 62 |
| ആലപ്പുഴ | 58 |
| പത്തനംതിട്ട | 4 |
| തൃശ്ശൂർ | 67 |
| ഇടുക്കി | 49 |
| കോട്ടയം | 59 |
| കാസർഗോഡ് | 36 |
| മലപ്പുറം | 56 |
| പാലക്കാട് | 46 |
| വയനാട് | 25 |
| കണ്ണൂർ | 56 |
| എറണാകുളം | 57 |
| കോഴിക്കോട് | 66 |

(ബി) 13-2-2012 ന ശേഷം ഏതെങ്കിലും ജില്ലാ ബാങ്കിൽ അംഗീകൃത പാർട്ട് ടൈം സ്വീപ്പർ തസ്തികകൾ പുറമെ അധിക നിയമനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അത്

(ബി) 13.02.2012-ന ശേഷം ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, കാസർഗോഡ്, മലപ്പുറം, വയനാട്, കണ്ണൂർ. എറണാകുളം, കോഴിക്കോട് എന്നീ ജില്ലാ ബാങ്കുകളിൽ

ഏതെല്ലാം ജില്ലാ ബാങ്കുകളിലാണെന്ന് വിശദമാക്കാമോ;

അംഗീകൃത പാർട്ട ടൈം സ്വീപ്പർ തസ്തികയ്ക്കു പുറമേ അധിക നിയമനം നടത്തിയിട്ടുണ്ട്.

(സി) നിലവിൽ അംഗീകൃത തസ്തികകളേക്കാൾ കൂടുതൽ പാർട്ട് ടൈം സ്വീപ്പർ ജീവനക്കാർ ഏതെങ്കിലും ജില്ലാ ബാങ്കിൽ ജോലി ചെയ്യുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) ഉണ്ട്.

ആലപ്പുഴ - 4
ഇടുക്കി - 4 (13.02.2012-ന് മുമ്പ് നിയമനം നടത്തിയത്)
പത്തനംതിട്ട - 57
എറണാകുളം - 3
കോട്ടയം - 3
കാസർഗോഡ് -13
മലപ്പുറം - 6
വയനാട് - 4 (ആശ്രിത നിയമനം -1)
കണ്ണൂർ - 4
കോഴിക്കോട് - 4

(ഡി) പ്രസ്തുത തസ്തികയിലെ അനധികൃത നിയമനങ്ങൾക്കെതിരെ വകുപ്പ് തലത്തിൽ അന്വേഷണ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടികൾ സ്വീകരിക്കുമോ;

(ഡി) പ്രത്യേകമായി അന്വേഷണ നടപടി ആരംഭിച്ചിട്ടില്ല. എന്നാൽ നിയമവിരുദ്ധമായി സംഘങ്ങളിൽ ഏതെങ്കിലും നിയമനം നടത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടാൽ അപ്രകാരം നിയമിക്കപ്പെട്ടവരെ പിരിച്ചു വിടാൻ ജോയിന്റ് രജിസ്ട്രാർമാർ സംഘങ്ങൾക്ക് നിർദ്ദേശം നൽകുന്നതിന് 5/87 നമ്പർ സർക്കുലർ നിർദ്ദേശം സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട പരാതി ലഭിക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിച്ചു വരുന്നു.

(ഇ) പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ജോലി ചെയ്യുന്ന, ഡ്രൈവിംഗ് ലൈസൻസുള്ള ഏതെങ്കിലും ജീവനക്കാർ ജില്ലാ സഹകരണ ബാങ്കുകളിൽ ഡ്രൈവർ ജോലി ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പാർട്ട് ടൈം സ്വീപ്പർ ശമ്പളത്തിന് പുറമെ ഇവർക്ക് നൽകുന്ന അധിക വേതനം നിശ്ചയിച്ചത് ഏത് മാനദണ്ഡപ്രകാരമാണ് എന്ന് വിശദമാക്കാമോ;

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**കൊല്ലം** -1(അധികവേതനം നൽകുന്നില്ല)

**ആലപ്പുഴ** -1 (അധിക സമയം ജോലി നോക്കുന്നവർക്കുള്ള വേതനം നൽകുന്നു.)

**പത്തനംതിട്ട** - പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ഡ്രൈവിംഗ് ലൈസൻസ് ഉള്ളവരുടെ സേവനം അടിയന്തിര ഘട്ടങ്ങളിൽ ഉപയോഗിക്കുന്നു. 100 രൂപ അധിക വേതനം നൽകുന്നു.

**തൃശ്ശൂർ** - ഡ്രൈവറുടെ ഒഴിവുള്ള തസ്തിക പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അധിക വേതനം നൽകുന്നു.

| | | |
|---|---|---|
| | | **കോട്ടയം** - 150 രൂപ അധിക വേതനം നൽകുന്നു.<br><br>**പാലക്കാട്** - 4 പേർക്ക് അധിക വേതനം നൽകുന്നു.<br><br>**കോഴിക്കോട്** -2 പേർക്ക് സർക്കാർ നിരക്കിലുള്ള അധിക വേതനം നൽകുന്നു.<br><br>**എറണാകുളം** -2 കെ.എസ്.ആർ റൂൾ 31 ഉം ബാങ്ക് നിർവ്വാഹകസമിതിയുടെ തീരുമാനവും അനുസരിച്ച് ആനുപാതികമായി അധിക വേതനം നൽകുന്നു. |
| (എഫ്) | ജില്ലാ സഹകരണ ബാങ്കുകളിലെ ഡ്രൈവർമാർക്കും ഡ്രൈവർ ഡ്യൂട്ടി എടുക്കുന്നവർക്കും കൂടുതൽ സമയം തുടർച്ചയായി ജോലിചെയ്താൽ ഡബിൾ ഡ്യൂട്ടിക്ക് അർഹതയുണ്ടോ; ഉണ്ടെങ്കിൽ ഡബിൾ ഡ്യൂട്ടിക്ക് വേതനം നൽകുന്നതിന്റെ മാന- ദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; മാനദണ്ഡം പാലിക്കാതെ ഏതെങ്കിലും ജില്ലാ ബാങ്കിൽ ഇങ്ങനെ അധിക വേതനം നൽകുന്നുണ്ടെങ്കിൽ അക്കാര്യം പരിശോധിക്കുമോ; ഇത്തരത്തിൽ അധിക വേതനം നല്കുന്നത് ഏതെല്ലാം ബാങ്കിലാണെന്ന് വ്യക്തമാക്കാമോ; ക്രമക്കേടുണ്ടെങ്കിൽ അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (എഫ്) ജില്ലാ ബാങ്ക് ജീവനക്കാരുടെ സേവന വേതന ഉത്തരവിൽ അധിക ഡ്യൂട്ടി ഡബിൾ ഡ്യൂട്ടി ആയി പരിഗണിക്കുവാൻ വ്യവസ്ഥ ചെയ്തിട്ടില്ല.<br><br>ആലപ്പുഴ, പത്തനംതിട്ട, തൃശ്ശൂർ, കോട്ടയം, പാലക്കാട്, കോഴിക്കോട്, എറണാകുളം എന്നീ ജില്ലാ ബാങ്കുകൾ അധിക വേതനം നൽകുന്നു.<br><br>ക്രമക്കേടുകൾ ഉണ്ടെങ്കിൽ അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ